# Desbhimani

## 22 August 2018

## Thiruvananthapuram, CM’s Flood Relief Fund, CPI(M)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

# സിപിഐ എം 16.44 കോടി സമാഹരിച്ചു

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് സിപിഐ എം പ്രവർത്തകർ 16, 43,73, 940 രൂപ സമാഹരിച്ചു. സിപിഐ എം സംസ്ഥാന കമ്മിറ്റി ആഹ്വാനപ്രകാരം 18,19 തീയതികളിൽ നടത്തിയ ഫണ്ട് സമാഹരണത്തിലൂടെ ലഭിച്ച ഈ തുക ഏരിയാകമ്മിറ്റികൾ മുഖേന പ്രാദേശികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറും. ദുരന്തബാധിത ജില്ലകളായതിനാൽ എറണാകുളം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ നിന്നും തൃശൂർ, കോട്ടയം ജില്ലകളിലെ ചില ഭാഗങ്ങളിൽനിന്നും ഫണ്ട് സമാഹരിച്ചില്ല. ഫണ്ട് സമാഹരണവുമായി സഹകരിച്ച എല്ലാവർക്കും സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് നന്ദി അറിയിച്ചു.

സമാഹരിച്ച തുക ജില്ല തിരിച്ച്: കാസർകോട് 1,25,19,688, കണ്ണൂർ 6,39,69,320, വയനാട് 10,00,000, കോഴിക്കോട് 1,26,00,000, മലപ്പുറം 1,20,00,000, പാലക്കാട് 1,37,44,397, തൃശ്ശൂർ 65,00,000, കോട്ടയം 44,00,000, കൊല്ലം 1,51,00,000, തിരുവനന്തപുരം 2,25,40,535. ആകെ 16, 43,73, 940



കേരളത്തിലെ പ്രളയദുരിതബാധിതരെ സഹായിക്കുന്നതിനുള്ള ഫണ്ട് ശേഖരിക്കാൻ ന്യൂഡൽഹി ഗോൾമാർക്കറ്റ് മേഖലയിൽ സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെയും പൊളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ടിന്റെയും നേതൃത്വത്തിൽ ഹുണ്ടികപ്പിരിവ് നടത്തിയപ്പോൾ